തിരുവനന്തപുരം പേട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സിലെ നടപടിക്രമങ്ങൾ

37 (4643) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേട്ട പോലീസ് സ്റ്റേഷനിൽ 27-4-2010-ൽ എഫ്. ഐ. ആർ. 368 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം ;

(സി) കേസ്സിൽ ശരിയായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റു ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) എഫ്. ഐ. ആർ-ൽ പ്രതികളായവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) അന്വേഷണത്തിൽ ഇതുവരെ പ്രതികളെ കണ്ടെത്തിയിട്ടില്ല.

(സി) അന്വേഷണം ശരിയായ രീതിയിൽ നടന്നുവരുന്നു. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടന്നുവരുന്നു.

(ഡി & ഇ) പ്രതികൾക്കുവേണ്ടി ശക്തമായ തിരച്ചിൽ നടന്നുവരുന്നു. കൃത്യത്തിനുശേഷം പ്രതികൾ ഒളിച്ചുമാറി നടക്കുന്നതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ഭരണമുന്നണിയിലെ നേതാക്കളുടെ ബന്ധുക്കൾ പ്രതിയായ കേസുകൾ

38 (4644) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന കൊലപാതകങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ബി) എത്ര കേസുകളിൽ കോടതിയിൽ ചാർജ്ഷീറ്റ് ഫയൽ ചെയ്യാൻ സാധിച്ചു ;

(സി) എത്ര കേസുകളിൽ കോടതി ശിക്ഷിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര കേസുകളിൽ കോടതി വെറുതെ വിട്ടു ;

(ഇ) രജിസ്റ്റർ ചെയ്തതിൽ രാഷ്ട്രീയ കൊലപാതക കേസ്സുകൾ എത്ര യെണ്ണം ഉണ്ടായിരുന്നു ;

(എഫ്) ഇതിൽ ഭരണമുന്നണിയിലെ നേതാക്കളുടെ ബന്ധുക്കൾ പ്രതി യായ എത്ര കേസുകൾ ഉണ്ട് ?

ഉത്തരം

(എ) 1486 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) 1074 കേസുകളിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) 80 കേസുകളിൽ കോടതി ശിക്ഷിച്ചു.

(ഡി) 54 കേസുകളിൽ കോടതി വെറുതെവിട്ടു.

(ഇ) 46 രാഷ്ട്രീയ കൊലപാതക കേസ്സുകൾ ഉണ്ടായിരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആഭ്യന്തര വകുപ്പിന് മികച്ച ക്രമസമാധാന സംസ്ഥാനത്തിനുള്ള പുരസ്കാരം

39 (4645) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ കൊലപാതകങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ആഭ്യന്തര വകുപ്പിന് മികച്ച ക്രമസമാധാന സംസ്ഥാ നത്തിനുള്ള പുരസ്കാരം എത്ര പ്രാവശ്യം ലഭിച്ചു ; എപ്പോഴെല്ലാം ; വിശദമാ ക്കുമോ ;

(സി) എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത അവാർഡ് നൽകുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2001 മുതൽ 2009 വരെയുള്ള ക്രൈം ഇൻ ഇന്ത്യ പ്രസിദ്ധീകരണ കണക്കുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ത്തിൽ കൊലപാതകക്കേസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly